# INTERNATIONAL INDIAN SCHOOL, RIYADH

**Post Box No. 89788, Riyadh 11692 (KSA)**

## SUMMATIVE ASSESSMENT II, MARCH 2014

**STD. IX** **MAX. MARKS: 90**
**SUB: MALAYALAM** **TIME: 3 HRS**

### എ വിഭാഗം (10 MARKS)

1) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (5x2=10)

മലയാള സാഹിത്യത്തിലെ വെള്ളിനക്ഷത്രമായിരുന്ന വി.സി ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപവും, കുമാരനാശാൻെറവീണപൂവും പ്രകാശിതമായതോടുകൂടിയാണ് കൈരളി ഒരു പുതിയ യുഗപ്പിറവിക്ക് സാക്ഷ്യം വഹിച്ചത്. പദങ്ങൾ കൊണ്ട് ജാലവിദ്യ കാണിക്കുന്നതിനുള്ള പ്രതിപത്തി ഉപേക്ഷിക്കുക, കവിത ഉൽകൃഷ്ടമായ ഒരു സന്ദേശം പകർന്നു നൽകാൻ കടപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിക്കുക, കൂടുതൽ ഹൃദയസംവേദകമായ ഇതിവൃത്തം സ്വീകരിക്കുക, കൂടുതൽ അപഗ്രഥനാത്മകമായി ആ ഇതിവൃത്തത്തെ അവതരിപ്പിക്കുക ഇതൊക്കെയായിരുന്നു ആ പുതിയ സുവർണ്ണകാലഘട്ടത്തിൻെറ പ്രത്യേകതകൾ. ക്ലാസിക്‌ശൈലിയിൽ നിന്ന് റൊമാൻറിക് ശൈലിയിലേക്കുള്ള വ്യതിയാനമായി ഈ മാറ്റത്തെ ചിത്രീകരിക്കാനാവുന്നില്ല. കാരണം സരസകവിതാ കാലഘട്ടത്തിലെ കൃതികൾ ഏറിയ കൂറും ക്ലാസ്സിക്ക് ശൈലിയുടെ മേന്മകൾ ഉൾക്കൊള്ളുന്നവയായിരുന്നില്ല. സുവർണ്ണകാലഘട്ടത്തിലെ കൃതികൾ ക്ലാസ്സിക് ശൈലിയിൽ നിന്ന് തികച്ചും മുക്തമായിരുന്നതുമില്ല.

മഹാകവി ഉള്ളൂരിൻെറ കൃതികളെ വിലയിരുത്തുമ്പോൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു പ്രത്യേകത. ഒരേ സമയം യാഥാസ്ഥിതികനും ഉല്പതിഷ്ണുവും ആയിരുന്നു എന്നുള്ളതാണ്. ജീവിത വീക്ഷണത്തിലും കവിതാരീതിയിലും സരസ കാലഘട്ടത്തിൻെറ ചില പ്രത്യേകതകൾ, ഉക്തിവൈചിത്ര്യങ്ങൾ, എന്നിവ അവസാനകാലം വരെ നിലനിന്നിരുന്നു എന്നു കാണാം. എന്നാൽ ചില അംശങ്ങളിൽ തൻെറ കാലഘട്ടത്തിൻെറ കവിതാശൈലിയിൽ നിന്ന് ഉള്ളൂർ ബഹുദൂരം മുന്നോട്ട് പോകുന്നതായും നമുക്ക് കാണാൻ കഴിയും എന്നു മാത്രമല്ല ആത്യന്തികമായ വിശകലനത്തിൽ കാലഘട്ടങ്ങളെയെല്ലാം അതിക്രമിച്ചു കൊണ്ട്, സാർവകാലിക സൗഭാഗ്യമാർന്ന തനതായ ഒരു നൂതനസരണി ആവിഷ്ക്കരിക്കുകയാണ് ഉള്ളൂർ ചെയ്തത്.

1. കൈരളി ഒരു യുഗപ്പിറവിക്ക് സാക്ഷ്യം വഹിച്ചത് എപ്പോൾ?
2. സുവർണ്ണ കാലഘട്ടത്തിലെ കവിതകൾക്ക് എന്തെല്ലാം പ്രത്യേകതകളാണ് ഉണ്ടായിരുന്നത്?
3. ഉള്ളൂർ കൃതികളെ വിലയിരുത്തുമ്പോൾ നമ്മുടെ ശ്രദ്ധയെ അകർഷിക്കുന്നതെന്ത്?
4. അവസാനകാലം വരെ മഹാകവിയുടെ കൃതികളിൽ ഉണ്ടായിരുന്ന പ്രത്യേകത എന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## ബി – വിഭാഗം (18 MARKS)

1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. 7

വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങൾ

ശാസ്ത്രപുരോഗതി

ഗ്രന്ഥപാരായണത്തിൻെറ ആവശ്യകത

2) നിങ്ങളുടെ സ്ക്കൂളിലെ കലാമേള ഉത്ഘാടനം ചെയ്യാനായി ഏതെങ്കിലും ഒരു സാഹിത്യകാരനെ ക്ഷണിച്ചു കൊണ്ട് കത്തെഴുതുക. 7

3) ആശയവിപുലനം 4

'നാട്യപ്രധാനം നഗരം ദരിദ്രം നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'

അല്ലെങ്കിൽ

'പരോപകാരർഥമിദം ശരീരം'

## സി – വിഭാഗം (14 MARKS)

1) പ്രയോഗം മാറ്റുക 1

വിരിഞ്ഞ ചിരിയോടെ ഒരു നിമിഷം മാത്തുക്കുട്ടി കുഞ്ഞിവർക്കിച്ചേട്ടനെ നോക്കി.

2) ചൂർണികകളാക്കുക 1

ഉമ്മ വാത്സല്യപൂർവം അതിനെ തലോടി.

3) വാക്യശുദ്ധി വരുത്തുക 2

ബന്ധുക്കൾ മരിച്ചവർക്ക് ~~അന്തിമമായും~~ അവസാനമായും വച്ച ചോറ് കവി ~~ദുരനിറഞ്ഞ~~ ആർത്തിയോടെ തിന്നു.

4) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 2

ദീനാനുകമ്പ

വീര്യമേറിയ

5) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 2

മണ്ണുമാന്തി

മഹാകവി

6) പര്യായപദങ്ങൾ എടുത്തെഴുതുക 1

വൈരി

(വീരൻ, രിപു, ബന്ധു, ശത്രു.)

7) നാനാർഥപദങ്ങൾ എടുത്തെഴുതുക 1

വഴി

(പാത, യാനം, കഴിവ്, ഉപായം)